LIBRARY ARCHIVES Kerala Legislative Assembly

വഞ്ചിയൂരിൽ കോടതികൾക്കായി പുതിയ കെട്ടിട നിർമ്മാണം

36 [843] ശ്രീ. ജോർജ്ജ് ജെ. മാത്യു :
,, ബി. വിജയകുമാർ :
,, എം. എ. വാഹീദ് :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വഞ്ചിയൂരിൽ കോടതികൾ സ്ഥാപിക്കുന്നതിന് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ ; ഈ കെട്ടിട സമുച്ചയത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ട് ;

(ബി) കക്ഷികൾക്ക് വിശ്രമ മുറിയും ജീവനക്കാർക്കും വക്കീലൻമാർക്കും അഡ്വക്കേറ്റ്സ് ക്ലർക്കുമാർക്കും വിശ്രമ മാനസികോല്ലാസങ്ങൾക്കും സൗകര്യം നൽകാനുള്ള മുറിയും ഇതിൽ ഉണ്ടായിരിക്കുമോ ; ഇതിന് എന്ത് ചെലവ് വരും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എല്ലാ കോടതികളെയും കോടതി ജീവനക്കാർക്കും വക്കീലൻമാർക്കും വേണ്ട എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തിയുള്ള കെട്ടിട സമുച്ചയമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ടായിരിക്കും. ഇതിന് ഏകദേശം നാനൂറ് ലക്ഷം രൂപ ചെലവ് വരും.

പുതുതായി മജിസ്ട്രേറ്റ്-മുൻസിഫ് കോടതികൾ

37 [844] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ എത്ര മജിസ്ട്രേറ്റ്-മുൻസിഫ് കോടതികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പുതുതായി മജിസ്ട്രേറ്റ്-മുൻസിഫ് കോടതികൾ അനുവദിക്കുന്നതിനായി ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മുൻസിഫ് കോടതികൾ - 58 എണ്ണം
അഡീഷണൽ മുൻസിഫ് കോടതികൾ - 24 എണ്ണം
ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ - 111 എണ്ണം
മുൻസിഫ് മജിസ്ട്രേറ്റ് കോടതികൾ - 16 എണ്ണം